SJD/1297/2022-C3

## വിജ്ഞാപനം

## സാമൂഹ്യനീതി വകുപ്പ്

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർഗ്ഗവാസനയും, കലാഭിരുചിയും പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ 2022 സെപ്റ്റംബർ മാസം 22,23 തീയതികളിൽ സംഘടിപ്പിക്കുന്ന "വർണ്ണപ്പകിട്ട് 2022" - കലോത്സവത്തിൽ സമൂഹത്തിൽ കല - സാഹിത്യം (സിനിമ മേഖല ഒഴികെ),, സാമൂഹ്യ സേവനം, ശാസ്ത്രരംഗം, വിദ്യാഭ്യാസ മേഖല, സംരംഭകത്വം എന്നീ മേഖലകളിൽ കഴിവ് തെളിയിച്ച 10 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫോം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും ലഭ്യമാണ്. അവാർഡിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുടെ അപേക്ഷയും നോമിനേഷനുകളും 2022 ഓഗസ്റ്റ് 25 നകം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ: ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.sjd.kerala.gov.in ലും ലഭ്യമാണ്.

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് വേണ്ടി

പവിത്രൻ തൈക്കണ്ടി
PEN Number: 212444
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 695033

**<u>വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവാർഡ് നൽകുന്നതിനുള്ള അപേക്ഷ ഫോറം</u>**

| | | | |
|---|---|---|---|
| 1. | പേര് | : | |
| 2. | ജനന തീയതി | : | |
| 3. | ജനന സ്ഥലം | : | |
| 4. | വിദ്യാഭാസ യോഗ്യത | : | |
| 5. | ഫോൺ നമ്പർ | : | |
| 6 | ട്രാൻസ്ജെൻഡർ ഐ ഡി കാർഡ് നമ്പർ | : | |
| 7 | സ്ഥിര മേൽവിലാസം | : | |
| 8 | പ്രവർത്തന മേഖല | : | |
| 9 | വ്യക്തിയുടെ ജീവചരിത്രം (വിശദവിവരങ്ങൾ ഉള്ളടക്കം ചെയ്യേണ്ടതാണ്) ഫോട്ടോ, CD പുസ്തകം, പത്ര റിപ്പോർട്ട് എന്നിവ അഭികാമ്യം | : | |
| 10 | പുരസ്കാരാർഹമായ സേവനങ്ങൾ | : | |
| 11 | മറ്റ് അവാർഡുകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരം. | : | |

**<u>സത്യവാങ്മൂലം</u>**

മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയുടെ/സംഘടനയുടെ പേരും

ഒപ്പും

തീയതി:

### അവാർഡിന് നാമനിർദേശം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

1. നാമനിർദേശം ചെയ്യപ്പെടുന്ന വ്യക്തി ജീവിച്ചിരിക്കുന്ന ആളായിരിക്കണം.
2. കല-സാഹിത്യം (സിനിമ മേഖല ഒഴികെ), സാമൂഹ്യ സേവനം, ശാസ്ത്രരംഗം, വിദ്യാഭ്യാസ മേഖല, സംരംഭകത്വം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരായിരിക്കണം.
3. ഓരോ മേഖലയിൽ നിന്നും രണ്ടു പേർക്ക് വീതം അവാർഡ് നൽകുന്നതാണ് . ഒരു മേഖലയിൽ പരിഗണനാർഹമായ രണ്ടു പേരെ ലഭിക്കാത്ത വന്നാൽ അവാർഡിനായി ഉൾപ്പെടുത്തിയിട്ടുള്ള മറ്റു മേഖലകളിൽ നിന്നും അർഹരായവർക്ക് അവാർഡ് നൽകുന്നതാണ്.
4. ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ദൃശ്യതയ്ക്കും, സാമൂഹ്യ അംഗീകാരത്തിനും വേണ്ടി പ്രയത്നിച്ചവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
5. വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ അതിജീവിച്ച് നേട്ടങ്ങളാർജ്ജിച്ച ട്രാൻസ്ജെൻഡർ വ്യക്തികൾക്കും മുൻഗണന ഉണ്ടായിരിക്കും.
6. 2019-2020 വർഷം അവാർഡിനായി തെരഞ്ഞെടുത്തവരെ വീണ്ടും നാമനിർദേശം ചെയ്യേണ്ടതില്ല.
7. നാമനിർദേശം ചെയ്യപ്പെടുന്ന വ്യക്തിക്ക് ട്രാൻസ്ജെൻഡർ ഐ ഡി കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം.